# കേരള കാർഷിക സർവകലാശാല

## പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്

കാസറഗോഡ്-671310, 0467 226632, rarspil@kau.in

**ബി3-1734/2025** **തീയതി: 02.06.2025**

### ദർഘാസ് പരസ്യം

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലേക്ക് മാവ് ഗ്രാഫ്റ്റ് ചെയ്യാൻ മൂത്ത് പഴുത്ത മാങ്ങകളിൽ നിന്ന് ശേഖരിച്ച മുളപ്പിക്കാൻ അനുയോജ്യമായ ഗുണമേന്മയുള്ള മാങ്ങയണ്ടികൾ 50,000 എണ്ണം കരാർ പ്രകാരം എത്തിച്ചുതരാൻ താല്പര്യമുള്ളവരിൽ നിന്ന് മത്സരാടിസ്ഥാനത്തിലുള്ള സീൽ ചെയ്ത ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. പാകമാകാത്ത മാങ്ങകളിൽ നിന്നുള്ള മാങ്ങയണ്ടികൾ നിരസിക്കപ്പെടുന്നതാണ്.

| | |
|---|---|
| ദർഘാസ് പരസ്യ നമ്പർ | **ബി3-1734/2025** |
| ദർഘാസ് സ്വീകരിക്കുന്നതിനുള്ള അവസാന തീയ്യതി | **12.06.2025 ഉച്ചയ്ക്ക് 3.00 മണി** |
| ദർഘാസ് തുറക്കുന്ന തീയ്യതി | **12.06.2025 ഉച്ചയ്ക്ക് 3.30 മണി** |
| ദർഘാസ് കാലാവധി | **3 മാസം** |
| നിരത ദ്രവ്യം | **1500/-** |
| ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽ വിലാസവും | **അസോസിയേറ്റ് ഡയറക്ടർ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** |
| ദർഘാസ് അടക്കം ചെയ്ത കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടത്. | **ഗുണമേന്മയുള്ള മാങ്ങയണ്ടികൾ വിതരണം ചെയ്യുന്നതിനുള്ള ദർഘാസ്** |

- താത്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ **ഗുണമേന്മയുള്ള മാങ്ങയണ്ടികൾ കേന്ദ്രത്തിൽ എത്തിച്ച് തരുന്നതിനുള്ള നിരക്ക് ഒരു മാങ്ങയണ്ടിക്ക് എത്രയെന്ന് കൃത്യമായി ദർഘാസിൽ രേഖപ്പെടുത്തേണ്ടതാണ്.**
- എല്ലാവിധ നികുതികൾ ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്. മാങ്ങയണ്ടികൾ കേന്ദ്രത്തിൽ എത്തിക്കുന്നതിനുള്ള ചരക്ക് കൂലിയും കടത്ത് കൂലിയും (ഉദ്യോഗസ്ഥർ നിഷ്കർഷിക്കുന്ന സ്ഥലത്ത് ഇറക്കി നൽകൽ) കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.

**നിബന്ധനകൾ:**

1. പുറത്തെഴുത്ത് കൃത്യമായി രേഖപ്പെടുത്തിയ ദർഘാസ് മേൽ സൂചിപ്പിച്ച വിലാസത്തിൽ **12.06.2025 ന് ഉച്ചയ്ക്ക് 3 മണിക്ക് മുമ്പായി എത്തിക്കേണ്ടതോ അയക്കേണ്ടതോ ആണ്.**
2. നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. കൃത്യ സമയത്ത് കിട്ടിയ ദർഘാസുകൾ അന്നേ ദിവസം 3.30 മണിക്കുതന്നെ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് സ്വീകാര്യമെന്ന് തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും.
3. വിജയിക്കുന്ന ദർഘാസുകാരൻ ആകെ തുകയുടെ 5% സെക്യൂരിറ്റി അടയ്ക്കേണ്ടതാണ്.
4. ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം കാണിക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.

-മറുപുറം-

5. മാങ്ങയണ്ടികൾ വിതരണം ചെയ്യതിന ശേഷം ബില്ല് ഹാജരാക്കിയാൽ തുക ബാങ്ക് അക്കൗണ്ട് മുഖേന അനുവദിക്കുന്നതായിരിക്കും.
6. ദർഘാസ് സ്വീകരിക്കുന്ന അവസാന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

ഒപ്പ്/-
ഡോ.വനജ.ടി
അസോസിയേറ്റ് ഡയറക്ടർ

പകർപ്പ്:
1. നോട്ടീസ് ബോർഡ്, ഓഫീസ്/ഫാം
2. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ, നീലേശ്വരം മുനിസിപ്പാലിറ്റി
3. ന്യൂ മീഡിയ/വെബ്സൈറ്റ്
4. ഫാം i/c
5. ഫാം സൂപ്രണ്ട്

// അംഗീകാരത്തോടെ //

സെക്ഷൻ ഓഫീസർ